(സി) മതിയായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ ഹിയറിംഗിന്റെ ആവശ്യമില്ലാതെ തന്നെ തീരുമാനമെടുക്കുന്നുണ്ട്.

(ഡി) മതിയായ രേഖകൾ സഹിതം പുതിയ കാർഡിനുള്ള അപേക്ഷകൾ ഹാജരാക്കുന്നവർക്ക് ഏഴ് ദിവസത്തിനകം പുതിയ കാർഡ് നൽകിവരുന്നു.

(ഇ) റേഷൻ കാർഡുകൾ നൽകുന്നതിനും അപേക്ഷകൾ തീർപ്പുകല്പിക്കുന്നതിനും വകുപ്പു തലത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുകയും അവ കർശനമായി പാലിക്കണമെന്ന് എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1. പുതിയ റേഷൻകാർഡിനുള്ള അപേക്ഷകളും റേഷൻ കാർഡുമായി ബന്ധപ്പെട്ട മറ്റ് അപേക്ഷകളും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസുകളിൽ സ്വീകരിക്കേണ്ടതാണ്.

2. പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളോടും കൂടി അപേക്ഷിക്കുന്നവർക്ക് രേഖകൾ പരിശോധിച്ച് കാർഡ് നൽകേണ്ടതും ഏതെങ്കിലും രേഖകളുടെ അഭാവത്തിലോ മറ്റ് വിധത്തിലോ അപൂർണ്ണമാണെങ്കിൽ ആയതിനുള്ള പരിഹാര നിർദ്ദേശങ്ങൾ ഉടൻതന്നെ നൽകേണ്ടതുമാണ്.

## പാലക്കുന്നിൽ ലാഭം മാർക്കറ്റ്

63 [2680] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പാലക്കുന്നിൽ ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## ഉത്തരം

കാസർഗോഡ് ജില്ലയിലെ പാലക്കുന്നിൽ ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തിയാൽ ഉടനെ ലാഭം മാർക്കറ്റ് തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly